കൊണ്ടിരിക്കുകയാണ്. ക്രോപ്പ് ഇൻഷുറൻസുവഴി പ്രത്യേകമായി സഹായം എത്തിക്കുന്നതിന് പല സാങ്കേതിക തടസ്സങ്ങളുമുണ്ട്. മറ്റ് കാര്യങ്ങളും കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നാണ് ചെയ്യേണ്ടത്. കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും കിട്ടിയ വിവരം അനുസരിച്ച് കുറെ ആളുകൾക്ക് നൽകുകയുണ്ടായിട്ടുണ്ട്. ക്രോപ്പ് ഇൻഷുറൻസിന്റെ കാര്യം വീണ്ടും ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(9) നെയ്യാർഡാം പ്രദേശം ടൂറിസ്റ്റ് കേന്ദ്രമാക്കണമെന്ന ആവശ്യം

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. നെയ്യാർഡാം പ്രകൃതിരമണീയമായ ഒരു പ്രദേശമാണ്. അവിടം ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തണമെന്നുള്ളത് അവിടത്തെ ജനങ്ങളുടെ ദീർഘകാലമായിട്ടുള്ള ഒരു ആഗ്രഹമാണ്. അതിന്റെ സമീപപ്രദേശത്താണ്, കൊമ്പൈക്കാണി. അവിടത്തെ വെള്ളച്ചാട്ടം വളരെ ചരിത്രപ്രസിദ്ധമാണ്. അതിന്റെ തൊട്ടടുത്താണ് അഗസ്ത്യകൂടം സ്ഥിതിചെയ്യുന്നത്. അതും വളരെയധികം ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥലമാണ്. അടുത്തകാലത്ത് തമിഴ്നാട് ഗവൺമെന്റ് പേച്ചിപ്പാറയും അതിന്റെ പരിസരപ്രദേശങ്ങളുമൊക്കെ ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിന് രണ്ടുകോടി രൂപ അനുവദിച്ചിരിക്കുകയാണ്. കോവളത്തിന്റെയും പൊൻമുടിയുടെയും പേച്ചിപ്പാറയുടെയും മദ്ധ്യത്തുള്ള ഒരു പ്രദേശമാണ് നെയ്യാർഡാം. അവിടെ സഫാരി പാർക്കുമൊക്കെയുള്ള ഒരു സ്ഥലമെന്നുള്ള നിലയിൽ അടിയന്തിരപ്രാധാന്യത്തോടുകൂടി അവിടം ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നെയ്യാർഡാം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ അനുയോജ്യമായ സ്ഥലമാണെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. പക്ഷേ ഇൻഡ്യാ ഗവൺമെന്റാണ് ടൂറിസ്റ്റ് കേന്ദ്രത്തെ സംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കേണ്ടത്. ഇക്കാര്യത്തിൽ കേരളാ ഗവൺമെന്റ് ആ പ്രദേശത്തിന്റെ പ്രത്യേകതയൊക്കെ ചൂണ്ടിക്കാണിച്ചെങ്കിലും ഇപ്പോൾ, കോവളം, പൊൻമുടി എന്നീ സ്ഥലങ്ങൾ മാത്രമാണ് ടൂറിസ്റ്റ് കേന്ദ്രമാക്കാനായിട്ട് അനുവദിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആകർഷണീയമായ എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. പോരാത്തതിന് ആവശ്യമുള്ള കെട്ടിടങ്ങളും പണിയുന്നതിനും വിരോധമുണ്ടായിരുന്നില്ല. പക്ഷേ ഇപ്പോൾ ഔപചാരികമായ ഒരു ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കുവാൻ ഇങ്ങനെയുള്ള തടസ്സമുണ്ട്. എങ്കിലും ടൂറിസ്റ്റുകളെ ആകർഷിക്കാനാവശ്യമായ മറ്റു നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(10) കാഞ്ഞിരപ്പള്ളി താലൂക്കിലെ കൃഷിക്കാർക്ക് പട്ടയം നൽകൽ

ശ്രീ. തോമസ് കല്ലമ്പള്ളി : സർ, ഞാനും ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയും ജനിക്കുന്നതിനുമുമ്പുതന്നെ ജീവിക്കാനുള്ള അടങ്ങാത്ത അഭിനിവേശത്തിന്റെ പേരിൽ ഭൂമിയിൽ കടന്നുകയറി കൃഷിചെയ്യുന്ന പാവപ്പെട്ട കൃഷിക്കാർക്ക് പ്രത്യേകിച്ച് കാഞ്ഞിരപ്പള്ളി താലൂക്കിലെ കൃഷിക്കാർക്ക് പട്ടയം ലഭിക്കാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടിലേക്ക് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. രണ്ടു മന്ത്രിമാരുടെ മുമ്പിലും കഴിഞ്ഞ ആറു വർഷങ്ങളായി ഈ നിയമസഭയുടെ എല്ലാ സമ്മേളനങ്ങളിലും ഈ വിഷയം ഉന്നയിക്കുന്നുണ്ട്. പക്ഷേ ഇതുവരെയും ഫലമൊന്നുമുണ്ടായിട്ടില്ല. ഇനിയും ഉണ്ടാകുമെന്ന് പ്രതീക്ഷയും എനിക്കില്ല. എങ്കിലും രണ്ടുകാര്യങ്ങളും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി സൗത്ത് വില്ലേജിൽ മുക്കൂട്ടുതല പ്രദേശത്ത് കൊടുത്ത ഒരു നാലു നമ്പർ പട്ടയങ്ങളും മരവിപ്പിച്ചതുകൊണ്ട്. ആയിരക്കണക്കിന് കൃഷിക്കാർക്ക് ഇപ്പോൾ ബുദ്ധിമുട്ടുണ്ട്. കൊടുത്ത പട്ടയം മരവിപ്പിക്കുന്ന നടപടിയെങ്കിലും ഇല്ലാതാക്കാൻ അങ്ങ് നടപടിയെടുക്കണം.

രണ്ട്, കാഞ്ഞിരപ്പള്ളി താലൂക്കിലെ മുണ്ടക്കയം വില്ലേജിൽ എരുമേലി നോർത്ത് വില്ലേജിലെ കുറേയധികം കൃഷിക്കാരോട് തറവിലയും തടിവിലയും കെട്ടിവയ്ക്കുവാൻ പറഞ്ഞു. അതിനുശേഷമാണ് കേന്ദ്രഗവൺമെൻറിന്റെ വനസംരക്ഷണ നിയമം വന്നത്. അതുകൊണ്ട് തറവിലയും തടിവിലയും കെട്ടിവച്ചവർക്ക് പട്ടയവുമില്ല. ആ കെട്ടിവച്ച കാശ് തിരിച്ചുകൊടുക്കുവാനുള്ള ദയവുണ്ടാകണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഈ ഭൂമിയുടെ ജോയിൻറ് വെരിഫിക്കേഷൻ കഴിഞ്ഞതാണ്. എങ്ങനെയെങ്കിലും പട്ടയം കൊടുക്കുവാൻ കഴിയുമോയെന്നുകൂടി പരിശോധിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 1978-ൽ തന്നെ ഇവർക്കു പട്ടയം കൊടുക്കുവാനുള്ള നടപടികളും സ്വീകരിച്ചതാണ്. മൂവായിരത്തോളം ആളുകൾക്കാണ് പട്ടയം കൊടുക്കുവാൻ തീരുമാനമെടുത്തത്. 1,200 ആളുകൾക്ക് പട്ടയം കൊടുത്തു. ബാക്കിയുള്ള ആളുകളോട് തറവിലയും തടിവിലയും അടയ്ക്കുവാൻ അന്ന് ആവശ്യപ്പെട്ടപ്പോൾ അവർ അതിൽ ചില പ്രശ്നങ്ങൾ ഉന്നയിച്ചു. അതുകൊണ്ട് അന്ന് അതടയ്ക്കുവാൻ കഴിഞ്ഞില്ല. 1980 കഴിഞ്ഞപ്പോഴേക്കും വനസംരക്ഷണനിയമവും പ്രാബല്യത്തിൽ വന്നു. പിന്നീട് അത് പ്രായോഗികമായി കൊടുക്കുവാൻ കഴിഞ്ഞില്ല. യഥാർത്ഥത്തിൽ, ഇനിയും പട്ടയം കൊടുക്കുവാനുള്ള ഭൂമി റവന്യൂവകുപ്പിലേയ്ക്ക് കൈമാറാം ചെയ്തത് കഴിഞ്ഞിട്ടില്ല. ഇത്തവണ നടത്തിയ ജോയിൻറ് വെരിഫിക്കേഷനിൽ ഈ പ്രദേശത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുൾപ്പെടെയാണ് ഒക്ടോബർ മാസത്തിൽ കേന്ദ്ര ഗവൺമെൻറിലേയ്ക്ക് ജോയിൻറ് വെരിഫിക്കേഷന്റെ റിപ്പോർട്ട് കൊടുത്തിട്ടുള്ളത്. ഈ അനുവാദത്തിനുവേണ്ടി കാത്തിരിക്കുകയാണ്. അനുവാദം കിട്ടുമെന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്.

(11) കുണ്ടറയ്ക്കടുത്ത് കാഞ്ഞിരക്കോടു നടന്ന മേരിക്കുട്ടി വധക്കേസ്

[ശ്രീ. സി. കെ. തങ്കപ്പൻ : സർ, കുണ്ടറയ്ക്ക് സമീപം കാഞ്ഞിരക്കോട് പ്രദേശത്ത് മേക്കേവിള വീട്ടിൽ മേരിക്കുട്ടിയെ നിഷ്ഠൂരമായി കൊലപ്പെടുത്തിയ സംഭവം ഞാൻ ബഹുമാനപ്പെട്ട സഭയുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽ പെടുത്തുകയാണ്. ലാസർ ആൻറണി എന്ന ആളും മേരിക്കുട്ടിയും തമ്മിൽ ദീർഘനാളുകളായി സ്നേഹബന്ധത്തിൽ കഴിഞ്ഞുവന്നവരാണെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ഒരുകൊല്ലം മുമ്പു ഏതോ പ്രത്യേക കാരണങ്ങളാൽ മേരിക്കുട്ടിയോട് ലാസർക്ക് വൈരാഗ്യം മൂത്തതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. അന്നുമുതൽ മേരിക്കുട്ടിയെ ലാസർ ആൻറണി കൊല്ലുമെന്ന് നേരിട്ടും കത്തുമൂലവും അറിയിച്ചിട്ടുണ്ട്. ഈ വൈരാഗ്യത്തിന് കാരണം,

LIBRARY ARCHIVES Kerala Legislative Assembly